# INDIAN SCHOOL AL MAABELA

## (ISO 9001:2015 CERTIFIED INSTITUTION)

## SAMPLE QUESTION PAPER 2019 - 2020

## MALAYALAM 3rd LANGUAGE

*ISAM/FR/MDL/QP/02*

**Class:VI**
**Date: / /2019**

**Max. Marks: 40**
**Time: 1 ½ Hours**

I. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

കുമാരനാശാൻ 1873–ൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻ കീഴിലുള്ള കായിക്കര എന്ന ഗ്രാമത്തിൽ ജനിച്ചു. മഹാകാവ്യം എഴുതാതെ മഹാകവിയായി. ശ്രീനാരായണഗുരുവിൻെറ പ്രധാന ശിഷ്യനും എസ്.എൻ.ഡി.പി യോഗത്തിൻെറ ആദ്യകാല സെക്രട്ടറിയും ആയിരുന്നു. കഠിനമായ പരിശ്രമത്തിലൂടെ കവിതക്ക് ഒരു നവചക്രവാളം സമ്മാനിച്ചു. 1907–ൽ പ്രസിദ്ധീകരിച്ച 'വീണപൂവ്' മലയാള കവിതയ്ക്ക് ഒരു പുത്തൻ നാന്ദിയായി. പ്രധാനകൃതികൾ നളിനി, ലീല, പ്രരോദനം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി തുടങ്ങിയവ. തനതായ ഒരു കാവ്യശൈലി മലയാളത്തിന് തുറന്നു കൊടുത്തു. 1924–ൽ റഡീമർ ബോട്ടപകടത്തിൽ മരിച്ചു.

1 കുമാരനാശാൻെറ പ്രധാന കൃതികൾ ഏവ ? 1

2 കുമാരനാശാൻ ആരുടെ ശിഷ്യനായിരുന്നു ? 1

3 'വീണപൂവ്' പ്രസിദ്ധീകരിച്ചതെന്ന് ? 1

4 കുമാരനാശാൻ മരണപ്പെട്ടത് ഏത് ബോട്ടപകടത്തിൽ ? 1

5 കുമാരനാശാൻ ഏത് സംഘടനയുടെ ആദ്യകാല സെക്രട്ടറി ആയിരുന്നു? 1

II നിങ്ങളുടെ സ്കൂളിലെ ഓണാഘോഷം വിവരിച്ചു കൊണ്ട് കൂട്ടുകാരന് കത്ത് തയ്യാറാക്കുക 5

III **ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക** 3

1 നിങ്ങളുടെ ഗ്രാമം

2 നിങ്ങളുടെ അവധിക്കാലം

IV **ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക**

1 **അർത്ഥം എഴുതുക** 1

1. ദ്വാരം ( കോപം, സുഷിരം, അലിവ് )
2. ലേശം ( ദേഷ്യം, അൽപ്പം, കൂടുതൽ )

2 **വിപരീതപദം എഴുതുക** 1

1. സുഖം (കോപം, ദു:ഖം, ദേഷ്യം )
2. ഇഷ്ടം (അസത്യം, അഭംഗി, അനിഷ്ടം )

3 **പര്യായപദങ്ങൾ എഴുതുക** 1

1. ആട് ( കാകൻ, അജം, മേഷം, പറവ )



Scanned with CamScanner

4 **നാനാർത്ഥപദങ്ങൾ എഴുതുക** 1

1. അംബരം ( ആകാശം, അഭിമാനം, വസ്ത്രം, ഭംഗി )

5 **എതിർലിംഗപദം എഴുതുക** 1

1.അധ്യാപകൻ (അധ്യാപകൻമാർ, അധ്യാപിക, അധ്യാപികമാർ )

2. മകൻ (മക്കൾ, മകന്മാർ , മകൾ )

6 **ബഹുവചനം എഴുതുക** 1

1. കുട്ടി (കുട്ടിമാർ, കുട്ടികൾ, കുട്ടൻമാർ )

2. ആശ്രമം (ആശ്രമന്മാർ, ആശ്രമങ്ങൾ, ആശ്രമികൾ )

7 **പിരിച്ചെഴുതുക** 2

ഓടിക്കയറി 2. തലയാട്ടി

8 **ഒറ്റപ്പദം എഴുതുക** 1

1. മഴയുള്ള കാലം 2. വേനലുള്ള കാലം

9 **മാതൃക നോക്കി പൂരിപ്പിക്കുക** 2

**മാതൃക** : കളിച്ചു കളിക്കുന്നു കളിക്കും

1. വന്നു ……….. ……..

2. …… ……… നിൽക്കും

V **ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക** 2

1 ഗാന്ധിജി സഞ്ചാരത്തിനിടയിൽ എത്തിയത് എവിടെയാണ് ?
( ആശ്രമവിദ്യാലയത്തിൽ, അമ്പലത്തിൽ, ഗുരുകുലത്തിൽ, പുഴക്കരയിൽ )

2 എന്നാണ് ഓണം ആഘോഷിക്കുന്നത് ?
( അത്തം നാളിൽ, തിരുവോണം നാളിൽ, മകയിരം നാളിൽ, വിശാഖം നാളിൽ )

3 താരകൾ എവിടെയാണ് തെളിയുന്നത് ?
( ജലാശയത്തിൽ, ഭൂമിയിൽ, മാനത്ത്, താഴത്ത് )

4 മഴ എങ്ങനെയാണ് പെയ്തത് ?
( കോരിച്ചൊരിഞ്ഞ്, തുള്ളിക്കൊരു കുടം എന്ന പോലെ, തുള്ളിതുള്ളിയായി , വല്ലപ്പോഴും)

VI **രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക** 8

1 കൂട്ടിൽ നിന്നിറങ്ങിയ ആമ എന്തെല്ലാം ചെയ്തു ?

2 ഓണം വരുന്നതിനു മുമ്പുള്ള പ്രകൃതിയുടെ മാറ്റം എന്ത് ?

3 കുട്ടിയോട് ആമ ഒടുവിൽ എന്താണ് പറഞ്ഞത് ?

4 പ്രാവ് കുട്ടിയുടെ അടുത്തേക്ക് പോവാത്തതെന്തുകൊണ്ട് ?

VII **മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** 6

1 തോട്ടിലൂടെ എന്തെല്ലാം സാധനങ്ങളാണ് ഒഴുകിവന്നത് ?

2 പ്രാവിനോട് പോവരുതെന്ന് പറയാൻ കാരണമെന്ത് ?

Scanned with CamScanner